# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1081** **12.07.2016 ൽ മറുപടിയ്ക്ക്**

## കീടനാശിനികളുടെ ഉപയോഗം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജൈവകൃഷി ഗണ്യമായി വർദ്ധിച്ചിട്ടും കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിരോധിത കീടനാശിനികളുടെ നിർമ്മാണം, വിൽപന എന്നിവ തടയാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ | (ബി) കേരളത്തിൽ നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ വിതരണം, വില്പന, ഉപയോഗം എന്നിവ തടയുന്നതിനായി ജില്ലാതലത്തിൽ വിജിലൻസ് കമ്മറ്റികൾക്ക് രൂപംകൊടുത്തിട്ടുണ്ട്<br><br>ഇതിനുപുറമേ, കൃഷിഭവനുകളിലെ കൃഷി ഓഫീസർമാർ, ഇൻ സെക്റ്റിസൈഡ്സ് ഇൻസ്പെക്ടർമാർ എന്ന നിലയിൽ തങ്ങളുടെ അധി കാരപരിധിയിൽ വരുന്ന എല്ലാ ഡിപ്പോ കളും രണ്ടാഴ്ചയിൽ ഒരിക്കൽ സന്ദർശിച്ച് പരിശോധന നടത്തി ക്രമ വിരുദ്ധമോ നിരോധിതമോ ആയ കീട/കള/കുമിൾനാശിനികളുടെ വില്പനയും ഉപയോഗവും നടക്കു ന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേ |

ശം നൽകിയിട്ടുണ്ട്

കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും, കർഷകരുമായി നേരിട്ടു ബന്ധപ്പെട്ട് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയുവാൻ കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്

അതേ സമയം, കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് ഉദ്യോഗമണ്ഡൽ, എറണാകുളം എന്ന സ്ഥാപനം കേരളത്തിൽ വിതരണവും വില്പനയും ഉപയോഗവും നിരോധിച്ചിട്ടുള്ള മോണോ ക്രോട്ടോഫോസ് പ്രൊഫനോഫോസ് ഫോറേറ്റ് എന്നീ കീടനാശിനികളുടെ ഉല്പാദനം നടത്തിവരുന്നു. ഈ ഉല്പന്നങ്ങൾ കേരളത്തിൽ വിതരണവും വില്പനയും നടത്തുവാൻ പാടില്ല എന്ന കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൃഷിവകുപ്പ് ലൈസൻസ് നൽകിയിട്ടുള്ളത്.

| | |
|---|---|
| (സി) രാസ കീടനാശിനി ഷോപ്പുകളിൽ സ്റ്റോക്ക്, വിലവിവരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) ഇൻസെക്ടിസൈഡ്സ് റൂൾസ് 1971 പ്രകാരം എല്ലാ രാസ കീടനാശിനി ഷോപ്പുകളിലും, കീട/കള/കുമിൾ നാശിനികളുടെ സ്റ്റോക്ക്, വിലവിവരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടു ണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ എല്ലാ ജില്ലകളിലെയും പ്രിൻസിപ്പൽ |

കൃഷിഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

(ഡി) കടുത്ത ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്ന കീടനാശിനി കർഷകർ വിവേചനപൂർവ്വമായേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ കൈക്കൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

(ഡി) രാസകീടനാശിനികൾ, കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിലേക്കായി 7 ഇനം കീട/കളനാശിനികളുടെ വില്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. നിയന്ത്രണം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് കീടനാശിനി ഡിപ്പോകളുടെ പരിശോധന കാര്യക്ഷമമാക്കാനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നല്കിയിട്ടുണ്ട്. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന സംയോജിത കീടനിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാസ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**